**മഹാത്മാ ഗാന്ധി സർവ്വകലാശാല**
**പബ്ലിക് റിലേഷൻസ് ഓഫീസറുടെ കാര്യാലയം**
പ്രിയദർശിനി ഹിൽസ് പി.ഒ, കോട്ടയം- 686560
ഫോൺ:0481-2733512

**വാർത്താക്കുറിപ്പ്**

**2023 ജൂൺ 27**

---

## നാലുവർഷ ബിരുദം; മന്ത്രി ആർ.ബിന്ദുവിന്റെ അവതരണ പരിപാടിക്ക് ജൂൺ 30ന് കോട്ടയത്ത് തുടക്കം

സംസ്ഥാനത്ത് ആരംഭിക്കാൻ ഉദ്ദേശിക്കുന്ന നാലുവർഷ ബിരുദ കോഴ്സുകളുടെ വിശദാംശങ്ങൾ ഉന്നത വിദ്യാഭ്യാസ മന്ത്രി ആർ ബിന്ദു അക്കാദമിക് സമൂഹത്തിനുമുന്നിൽ അവതരിപ്പിക്കുന്ന പരിപാടിക്ക് ജൂൺ 30ന് കോട്ടയത്ത് തുടക്കമാകും.

ഉച്ചകഴിഞ്ഞ് രണ്ടിന് കോട്ടയം ബി സി എം കോളേജ് ഓഡിറ്റോറിയത്തിൽ നടക്കുന്ന ചടങ്ങ് മന്ത്രി ഉദ്ഘാടനം ചെയ്യും. വൈസ് ചാൻസലറുടെ ചുമതല വഹിക്കുന്ന ഡോ. സി ടി. അരവിന്ദകുമാർ അധ്യക്ഷത വഹിക്കും.

നാലുവർഷ ബിരുദ കോഴ്സുകളുമായി ബന്ധപ്പെട്ട് സംസ്ഥാനത്ത് ആദ്യമായി എംജി സർവകലാശാലയിലെ അക്കാദമിക് സമൂഹത്തെയാണ് മന്ത്രി കാണുന്നത്.

ചടങ്ങിൽ സിൻഡിക്കേറ്റ് അംഗങ്ങളായ അഡ്വ.ജോബ് മൈക്കിൾ എംഎൽഎ, അഡ്വ. റെജി സക്കറിയ, പി. ഹരികൃഷ്ണൻ, കെ.എം.സുധാകരൻ, ഡോ. എ. ജോസ്, ഡോ. ബിജു പുഷ്പൻ, രജിസ്ട്രാർ ഡോ. ബി പ്രകാശ് കുമാർ, പരീക്ഷാ കൺട്രോളർ ഡോ. സി.എം. ശ്രീജിത്ത്, ബി.സി.എം കോളജ് പ്രിൻസിപ്പൽ ഡോ. സ്റ്റെഫി തോമസ് എന്നിവർ സംസാരിക്കും. ഡോ. വി. ഷഫീഖ് ക്ലാസെടുക്കും.

നിലവിലെ പാഠ്യരീതികളിൽ വലിയ മാറ്റം വിഭാവനം ചെയ്യുന്ന പുതിയ കോഴ്സുകളെക്കുറിച്ച് അക്കാദമിക് സമൂഹത്തിന് വ്യക്തമായ ധാരണ നൽകുന്നതിനും മാറ്റങ്ങൾക്കായി അവരെ സജ്ജരാക്കുന്നതിനും ലക്ഷ്യമിട്ടാണ് പരിപാടി സംഘടിപ്പിച്ചിരിക്കുന്നതെന്ന് വൈസ് ചാൻസലർ ഡോ. സി.ടി. അരവിന്ദ് കുമാർ പറഞ്ഞു.

(പി.ആർ.ഒ/39/718/2023)

## പരീക്ഷകൾ മാറ്റി

പൊതു അവധിയായതിനാൽ എം.ജി. സർവകലാശാല ജൂൺ 29ന് നടത്താൻ നിശ്ചയിച്ചിരുന്ന എല്ലാ പരീക്ഷകളും മാറ്റിവച്ചതായി പരീക്ഷാ കൺട്രോളർ അറിയിച്ചു. പുതിയ തീയതി പിന്നീട് അിറയിക്കും.

(പി.ആർ.ഒ/39/719/2023)

## എം.ജി. പ്രൈവറ്റ് രജിസ്ട്രേഷൻ യു.ജി, പി.ജി; ജൂൺ 30 മുതൽ അപേക്ഷിക്കാം

മഹാത്മാ ഗാന്ധി സർവകലാശാലയുടെ പ്രൈവറ്റ് രജിസ്ട്രേഷൻ 2023-24 യു.ജി, പി.ജി പ്രോഗ്രാമുകളുടെ ഫുൾ/നോൺ ഫുൾ കോഴ്സുകളിലേക്ക് ജൂൺ 30 മുതൽ അപേക്ഷിക്കാം.

ജൂലൈ 31 വരെ പിഴയില്ലാതെയും ഓഗസ്റ്റ് 10 വരെ പിഴയോടു കൂടിയും ഒഗസ്റ്റ് 20 വരെ സൂപ്പർ ഫൈനോടു കൂടിയും  അപേക്ഷ സ്വീകരിക്കും.

വിശദവിവരങ്ങൾ സർവകലാശാലാ വെബ്സൈറ്റിൽ.

(പി.ആർ.ഒ/39/720/2023)

## ഉന്നത വിജയം നേടിയ അംഗപരിമിതരായ വിദ്യാർഥികളെ ആദരിച്ചു

മഹാത്മാ ഗാന്ധി സർവകലാശാല ഇൻറർ യൂണിവേഴ്സിറ്റി സെൻറർ ഫോർ ഡിസെബിലിറ്റി സ്റ്റഡീസ് 202-223 വർഷത്തിൽ എസ്.എസ്.എൽ.സി, പ്ലസ് ടു പരീക്ഷകളിൽ ഉന്നതവിജയം നേടിയ അംഗപരിമിതരായ വിദ്യാർഥികളെ ആദരിച്ചു.

ഐ.യു.സി.ഡി.എസ് ഡയറക്ടർ പ്രഫ. പി.ടി ബാബുരാജ് അധ്യക്ഷത വഹിച്ച ചടങ്ങിൽ വൈസ് ചാൻസലർ പ്രഫ. സി.ടി അരവിന്ദകുമാർ കുട്ടികൾക്ക് ക്യാഷ് അവാർഡും പ്രശസ്തി പത്രവും സമ്മാനിച്ചു.

ലയൺസ് ക്ലബ് ലേക് സിറ്റി ട്രഷറർ ജോർജ് സെബാസ്റ്റ്യൻ,  ജേക്കബ് കുര്യാക്കോസ്, മേരി സീമ,  ഐ.യു.സി.ഡി.എസ് പ്രോജക്ട് കോ-ഓർഡിനേറ്റർ ജിനുമോൾ പി തുടങ്ങിയവർ പങ്കെടുത്തു.

(പി.ആർ.ഒ/39/721/2023)

## പ്രാക്ടിക്കൽ പരീക്ഷകൾ മാറ്റി

തിരുവല്ല, സെൻറ് മേരീസ് വിമെൻസ് കോളജിൽ  ജൂൺ 29,30 തീയതികളിൽ നടത്താനിരുന്ന ഒന്നാം സെമസ്റ്റർ എം.എസ്.സി ഫുഡ് ടെക്നോളജി ആൻറ് ക്വാളിറ്റി അഷ്വറൻസ് - മാർച്ച് 2023 പരീക്ഷകളുടെ(സി.എസ്.എസ് - 2022 അഡ്മിഷൻ റഗുലർ,

2021 അഡ്മിഷൻ ഇംപ്രൂവ്മെൻറ്, 2019-2021 അഡ്മിഷനുകൾ സപ്ലിമെൻററി) പ്രാക്ടിക്കൽ പരീക്ഷകൾ ജൂലൈ മൂന്ന്, നാല് തീയതികളിലേക്ക് മാറ്റി.

............................

കോന്നി എസ്.എ.എസ് എസ്.എൻ.ഡി.പി യോഗം കോളജിൽ ജൂൺ 29,30 തീയതികളിൽ നടത്താനിരുന്ന ഒന്നാം സെമസ്റ്റർ എം.എസ്.സി ബയോടെക്നോളജി - മാർച്ച് 2023 പരീക്ഷകളുടെ(സി.എസ്.എസ് - 2022 അഡ്മിഷൻ റഗുലർ, 2021 അഡ്മിഷൻ ഇംപ്രൂവ്മെൻറ്, 2019-2021 അഡ്മിഷനുകൾ സപ്ലിമെൻററി) പ്രാക്ടിക്കൽ പരീക്ഷകൾ ജൂലൈ നാല്, അഞ്ച് തീയതികളിലേക്ക് മാറ്റി.

.............................

ജൂൺ 29ന് നടത്താനിരുന്ന മൂന്നാം സെമസ്റ്റർ എം.എസ്.സി ബോട്ടണി ഫെബ്രുവരി 2023 പരീക്ഷയുടെ(സി.എസ്.എസ്. ണ്ഡ 2021 അഡ്മിഷൻ റഗുലർ, 2020,2019 അഡ്മിഷനുകൾ സപ്ലിമെൻററി) പ്രാക്ടിക്കൽ പരീക്ഷ ജൂലൈ നാലിലേക്ക് മാറ്റി.

(പി.ആർ.ഒ/39/722/2023)

## സീറ്റൊഴിവ്

മഹാത്മാ ഗാന്ധി സർവകലാശാല ഇൻറർ യൂണിവേഴ്സിറ്റി സെൻറർ ഫോർ ഡിസെബിലിറ്റി സ്റ്റഡീസിൽ എം.എസ്.ഡബ്ല്യു കോഴ്സിൽ സീറ്റുകൾ ഒഴിവുണ്ട്. ചെരുവാൻ താൽപര്യമുള്ളവർ അസ്സൽ സർട്ടിഫിക്കറ്റുകളുമായി ഓഫീസിൽ എത്തണം.

ഫോൺ - 9744303884, 9495213248

(പി.ആർ.ഒ/39/723/2023)

## പരീക്ഷാ ഫലം

2022 ജനുവരിയിൽ നടന്ന രണ്ടാം സെമസ്റ്റർ എം.കോം(സി.എസ്.എസ് - 2016 മുതൽ 2018 വരെ അഡ്മിഷനുകൾ സപ്ലിമെൻററി, 2012 മുതൽ 2015 വരെ അഡ്മിഷനുകൾ മെഴ്സി ചാൻസ്) പരീക്ഷയുടെ ഫലം പ്രസിദ്ധീകരിച്ചു.

പുനർ മൂല്യനിർണയത്തിനും സൂക്ഷ്മ പരിശോധനയ്ക്കും ജൂലൈ 12 വരെ ഓൺലൈനിൽ ഫീസ് അടച്ച് അപേക്ഷിക്കാം.

(പി.ആർ.ഒ/39/724/2023)

**പബ്ലിക് റിലേഷൻസ് ഓഫീസർ**